2025 MARCH
11
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## വിഴിഞ്ഞം തുറമുഖം

# രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിതിക അനുമതി; പ്രതിവർഷം 45 ലക്ഷം കണ്ടെയ്നറായി ശേഷി ഉയർത്തും

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖത്തിൻറെ രണ്ടും മൂന്നും ഘട്ടങ്ങൾക്കു പാരിസ്ഥിതിക അനുമതിയായി. ഇതു സംബന്ധിച്ച് കേന്ദ്രപരിസ്ഥിതി മന്ത്രിലയത്തിന്റെ ഉത്തരവ് ലഭിച്ചു. രണ്ടും മൂന്നും ഘട്ട വികസനത്തിൻറെ ഭാഗമായി കണ്ടെയ്നർ ടെർമിനൽ 1,200 മീറ്റർ നീളത്തിലേക്ക് വിപുലീകരിക്കും. ബ്രേക്ക് വാട്ടറിൻറെ നീളം 900 മീറ്റർ കൂടി വർധിപ്പിക്കും.

കണ്ടെയ്നർ സംഭരണ യാർഡിൻറെയും, ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങളുടെയും വികസനം, 1220 മീറ്റർ നീളമുള്ള മൾട്ടിപർപ്പസ് ബർത്തുകൾ, 250 മീറ്റർ നീളമുള്ള ലിക്വിഡ് ബർത്തുകൾ (ബ്രേക്ക് വാട്ടറിനോടനുബന്ധിച്ച്), ലിക്വിഡ് കാർഗോ സംഭരണ സൗകര്യങ്ങളുടെ വികസനം, 77.17 ഹെക്ടർ വിസ്തൃതിയിലുള്ള ഭൂമി എറ്റെടുക്കൽ, 7.20 ക്യൂബിക് മീറ്റർ അളവിൽ ഡ്രഡ്ജിംഗ് എന്നിവയും വികസനപ്രവർത്തനങ്ങളിൽ ഉൾപ്പെടും. ഇതോടെ വിഴിഞ്ഞം പദ്ധതി പ്രതീക്ഷിച്ചതിലും നേരത്തെ പൂർത്തിയാക്കി വരുമാനം ഉറപ്പ് വരുത്താൻ സർക്കാരിനു സാധിക്കും.

വിഴിഞ്ഞം തുറമുഖത്തിൻറെ മിനിമം സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറാണ്. ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഉപയോഗിക്കുന്നതു വഴി തുറമുഖത്തിൻറെ ശേഷി പ്രതിവർഷം 45 ലക്ഷം വരെയായി ഉയർത്താൻ സാധിക്കും.

2028ൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനൽ ആയി വിഴിഞ്ഞം രാജ്യാന്തര തുറമുഖം മാറുമെന്നും മന്ത്രി പറഞ്ഞു. തുറമുഖത്തിൻറെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിനായി 10,000 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.




# 100 വിമാനങ്ങളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസിന്റെ ഉടമസ്ഥതയിലുള്ള വിമാനങ്ങളുടെ എണ്ണം നൂറു കടന്നു. 100ാമത് വിമാനത്തിന്റെ ഫ്ളാഗ് ഓഫ് ബാംഗ്ലൂരിൽ എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് നിർവഹിച്ചു. ഈ മാസം ആദ്യം എയർ ഇന്ത്യ എക്സ്പ്രസ് പുതുതായി വിമാന സർവീസ് ആരംഭിച്ച ഹിൻഡൻ വിമാനത്താവളത്തിലേക്കാണ് ഫ്ളാഗ് ഓഫിന് ശേഷം 100ാമത് വിമാനം സർവീസ് നടത്തിയത്. രാജ്യ തലസ്ഥാനത്ത് ഡൽഹി, ഹിൻഡൻ എന്നീ രണ്ട് വിമാനത്താവളങ്ങളിൽ നിന്നും സർവീസ് നടത്തുന്ന ഏക വിമാന കമ്പനി എയർ ഇന്ത്യ എക്സ്പ്രസാണ്. ആഴ്ചയിൽ 445ലധികം വിമാന സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസിന്റെ പ്രധാന കേന്ദ്രമാണ് ബാംഗ്ലൂർ. 100ാമത് വിമാനത്തിൽ കർണാടകയുടെ പരമ്പരാഗത ചുവർചിത്ര കലയായ ചിത്താര ടെയിൽ ആർട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

100ാമത്തെ വിമാനത്തിന്റെ വരവ് എയർ ഇന്ത്യ എക്സ്പ്രസിന്റെ വളർച്ചയുടേയും മാറ്റത്തിന്റേറെയും സുപ്രധാന നാഴികകല്ലാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. സ്വകാര്യവത്ക്കരണം പൂർത്തിയായി മൂന്ന് വർഷങ്ങൾക്കുള്ളിൽ തന്നെ മറ്റൊരു ലോ കോസ്റ്റ് എയർലൈനുമായുള്ള ലയനം, ആഭ്യന്തര, ഗൾഫ്, തെക്ക് കിഴക്കൻ മേഖലകളിലെ കൂടുതൽ വിമാന സർവീസുകൾ, കൂടുതൽ ഇന്ധന ക്ഷമതയുള്ളതും ആധുനികവുമായ വിമാനങ്ങൾ വാങ്ങുന്നത് ഉൾപ്പടെയുള്ളവ നടപ്പാക്കാനായി. രാജ്യത്തിന്റെ വളർച്ചയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ചെറുനഗരങ്ങളിലും പട്ടണങ്ങളിലുമുള്ള തങ്ങളുടെ ശക്തമായ സാന്നിധ്യം ഇന്ത്യൻ വ്യോമയാന മേഖലയുടെ വളർച്ചയിൽ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.2022 ജനുവരിയിൽ ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തത് മുതൽ അതിവേഗ വളർച്ചയും നവീകരണവുമാണ് എയർ ഇന്ത്യ എക്സ്പ്രസിലുണ്ടായത്. 26 ബോയിംഗ് 737എൻജി, 28 എ320 വിമാനങ്ങളിൽ നിന്നും ഇന്ന് എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ എണ്ണം 100 ആയി ഉയർന്നു. അതിവേഗ വിപുലീകരണത്തിന്റെ ഭാഗമായി ബാങ്കോക്ക്, ദിബ്രുഗഢ്, ദിമാപൂർ, ഹിൻഡൺ, ജമ്മു, പാട്ന, ഫുക്കറ്റ്, പോർട്ട് ബ്ലെയർ (ശ്രീ വിജയപുരം) എന്നിവിടങ്ങളിലേക്കും വിമാന സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

# രാജ്യമെമ്പാടും 4 ലക്ഷം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ടാറ്റ

**കൊച്ചി:** രാജ്യമെമ്പാടും ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകളുടെ എണ്ണം വിപുലീകരിക്കാനൊരുങ്ങി ടാറ്റ. 2027ഓടുകൂടി 4 ലക്ഷം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് ആന്റ് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി മാനേജിംഗ് ഡയറക്ടർ ശൈലേഷ് ചന്ദ്ര പറഞ്ഞു.

TATA MOTORS

ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുടെയും (സിപിഒ) എണ്ണ വിപണന കമ്പനികളുടെയും (ഒഎംസി) സഹകരണത്തോടെ (ഓപ്പൺ കൊളാബറേഷൻ 2.0) ഹൈവേകൾ കേന്ദ്രീകരിച്ച് 30000ലധികം പൊതു ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കും. വിവിധ ഇടങ്ങളിലായി ഒന്നരലക്ഷത്തിലധികം സ്വകാര്യ/ ഭവന ചാർജിങ് പോയിന്റുകൾക്ക് പുറമെ 2500 കമ്മ്യൂണിറ്റി ചാർജിങ് സെന്ററുകളും സ്ഥാപിക്കും. എല്ലാ വൈദ്യുതി വാഹന മോഡലുകൾക്കും അനുയോജ്യമായ രീതിയിലായിരിക്കും ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുക. വൈദ്യുതി വാഹന വിപണിയുടെ വളർച്ചയ്ക്ക് ആനുപാതികമായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുകയാണ് ഓപ്പൺ കൊളാബറേഷൻ 2.0യിലൂടെ ലക്ഷ്യമിടുന്നതെന്നും ശൈലേഷ് ചന്ദ്ര പറഞ്ഞു. കുറഞ്ഞ സമയത്തിനുള്ളിൽ, പരമാവധി വേഗതയോടെ ചാർജ് ചെയ്യാവുന്ന സ്റ്റേഷനുകളാണ് നിർമിക്കുന്നത്. ഇതിനായി വിവിധ ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുടെ സേവനം തേടും. രാജ്യത്തെ കൂടുതൽ ഇടങ്ങളിലേക്ക് ചാർജിങ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.



# ഇടതിന്റെ മൂന്നാം തുടർഭരണം ദിവാസ്വപ്നം മാത്രം; ജെ.എസ്.എസ്

**കൊച്ചി :** സംസ്ഥാനത്തെ ആരോഗ്യ പരിചരണ രംഗം വികസിത രാജ്യങ്ങൾക്കൊപ്പമെന്ന് അഭിമാനിക്കുമ്പോളും, ആരോഗ്യ വകുപ്പിന്റെ കീഴിൽ വീടുകൾ തോറും കയറിയിറങ്ങി ജോലി ചെയ്യുന്ന ആശാ വർക്കർമാരെ കേൾക്കാനും അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാനും തയ്യാറാകാത്ത ഇടത് സർക്കാർ വീണ്ടും തുടർ ഭരണം സ്വപ്നം കാണുന്നതു തന്നെ വിരോധാഭാസമാണെന്ന് ജെ.എസ്.എസ്. സംസ്ഥാന നേതൃസമ്മേളനം വിലയിരുത്തി. കേരളം കണ്ട ഏറ്റവും മോശം ഭരണമാണ് ഇപ്പോൾ നടക്കുന്നതെന്നും സമസ്തമേഖയിലും പരാജയമായ സർക്കാർ എന്തിനും ഏതിനും കേന്ദ്രത്തെ പഴിചാരുന്ന അവസ്ഥയിലേയ്ക്ക് തരം താണിക്കുകയാണ്. മെയ്മാസം മുതൽ ആരംഭിക്കുന്ന ജെ.എസ്.എസ് സമ്മേളനം സർക്കാരിന്റെ ഭരണ പരാജയങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുമെന്ന് നേതൃയോഗം ഉദ്ഘാടനം ചെയ്ത സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു പറഞ്ഞു. ജെ.എസ്.എസ് എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിൽ നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റും മുൻ എം.എൽ.എയുമായ പ്രൊഫ എ.വി. താമരാക്ഷൻ അധ്യക്ഷത വഹിച്ചു. ജില്ലാ സംസ്ഥാന നേതാക്കളും പ്രസംഗിച്ചു.




## ഹോസ്പിറ്റൽ ക്രിക്കറ്റ് പ്രീമിയർ ലീഗ്: വി പി എസ് ലേക് ഷോർ ജേതാക്കൾ

**കൊച്ചി:** ഹോസ്പിറ്റൽ ക്രിക്കറ്റ് പ്രീമിയർ ലീഗ് സീസൺ മൂന്നിൽ വി പി എസ് ലേക് ഷോർ ഹോസ്പിറ്റൽ വിജയികളായി. കാക്കനാട് രാജഗിരി ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന ഫൈനൽ മത്സരത്തിൽ എറണാകുളം മെഡിക്കൽ സെന്റർ ഹോസ്പിറ്റലിനെ തകർത്താണ് ലേക് ഷോർ ഹോസ്പിറ്റൽ ജേതാക്കളായത്. എട്ട് ഓവറിൽ ലേക് ഷോർ ഹോസ്പിറ്റൽ നേടിയ 150 റൺ പിന്തുടർന്ന മെഡിക്കൽ സെന്റർ 8 ഓവറിൽ 80 റൺ നേടാനെ സാധിച്ചുള്ളൂ. 35 പന്തുകളിൽ നിന്ന് 101 റൺ നേടി ടീമിന്റെ വിജയ ശിൽപ്പിയായ അമീറാണ് ഫൈനലിൽ മാൻ ഓഫ് ദി മാച്ച്. 10 പന്തുകളിൽ നിന്ന് 29 റൺസ് നേടിയ ടീം ക്യാപ്റ്റൻ സുധിയാണ് അമീറിന് മികച്ച പിന്തുണ നൽകിയത്. തുടർച്ചയായി മൂന്നാമത്തെ തവണയാണ് ലേക് ഷോർ ഹോസ്പിറ്റൽ കിരീടം നേടുന്നത്.

## നീന്തൽ പരിശീലകനെ ആദരിച്ചു

**കൊച്ചി:** ഇനിയൊരു മുങ്ങി മരണം സംഭവിക്കാതിരിക്കട്ടെ, എല്ലാവരും നീന്തൽ പരിശീലിക്കൂ എന്ന സന്ദേശവുമായി ആലുവ മണപ്പുറം ദേശം കടവിൽ കഴിഞ്ഞ 16 വർഷമായി സൗജന്യമായി നീന്തൽ പരിശീലിപ്പിക്കുന്ന സജി വാളശ്ശേരിയെയും നീന്തൽ ക്ലബ്ബ് അംഗങ്ങളെയും ആലുവ മണപ്പുറം ദേശം കടവിൽ എറണാകുളം ഡിസിപി ബിജി ജോർജിന്റെ സാന്നിദ്ധ്യത്തിൽ ആദരിച്ച. കഴിഞ്ഞ 16 വർഷം കൊണ്ട് 12,000ൽ അധികം ആളുകളെ സൗജന്യമായി നീന്തൽ പരിശീലിപ്പിച്ച വാളശേരിൽ റിവർ സ്വിമിങ് ക്ലബിന്റെ പരിശീലകനാണ് ശ്രീ സജി വാളശ്ശേരി.സജിയുടെ നേതൃത്വത്തിൽ വാളശേരിൽ റിവർ സ്വിമിങ് ക്ലബിൽ നിന്നും പതിനഞ്ച് അംഗങ്ങൾ നീന്തലിന്റെ പ്രാധാന്യം കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി ഫെബ്രുവരി 27 ന് വേമ്പനാട്ട് കായലിന്റെ ഏറ്റവും വീതി കൂടിയ ഭാഗമായ കോട്ടയം കുമരകത്ത് നിന്ന് ആലപ്പുഴ മുഹമ്മയിലേക്ക് കായൽ മുറിച്ച് കടന്നു നീന്തുകയുണ്ടായി. ഇവരെയും ചടങ്ങിൽ ആദരിച്ചു

നീന്തൽ പരിശീലിക്കുവാൻ താൽപര്യമുള്ള ഏതൊരാൾക്കും രാവിലേ 5:30 ന് ആലുവ മണപ്പുറം ദേശം കടവിൽ എത്തിയാൽ അന്ന് തൊട്ട് തന്നെ നീന്തൽ പരിശീലനം ആരംഭിക്കാം. എല്ലാ വർഷവും നവംബർ 1 മുതൽ മെയ് 31 വരെ ഈ ക്ലാസുകൾ ഉണ്ടാകും.

## ഫാക്ടറി ഉടമയ്ക്ക് തടവും പിഴയും വിധിച്ചു

**കൊച്ചി:** ഇടയാർ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ഏരിയയിൽ പ്രവർത്തിക്കുന്ന റോയൽ ടഫ് ഗ്ലാസ്സ് ഇൻഡസ്ട്രി എന്ന ഫാക്ടറിയിൽ ഉണ്ടായ അപകടത്തിൽ ഒരു തൊഴിലാളി മരണപ്പെട്ട സംഭവത്തിൽ ഫാക്ടറി ഉടമയ്ക്ക് തടവും പിഴയും വിധിച്ചു. ആലുവ ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഫാക്ടറി നിയമപ്രകാരം ഫയൽ ചെയ്ത കേസിൽ ഫാക്ടറിയുടെ കൈവശകാരനും മാനേജരുമായ എം.യു ആഷിക്കിനാണ് 10000 രൂപ പിഴയും കോടതി പിരിയുന്നതുവരെ തടവും വിധിച്ചത്.



# ജെബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം: കെസിഎഫ്

**കൊച്ചി:** ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. കുട്ടികളിലും യുവജനങ്ങളിലും വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും അതുമൂലം ഉണ്ടാകുന്ന മനുഷ്യഹിംസയിലും യോഗം ഉത്കണ്ഠയും ആകുലതയും രേഖപ്പെടുത്തി. കെ.സി.എഫിന്റെ നേതൃത്വത്തിൽ അവബോധന കർമപരിപാടികളും ആവിഷ്കരിക്കുമെന്നും യോഗം തീരുമാനമെടുത്തു. വന്യമൃഗ ആക്രമണത്തിൽ നിന്നും മലയോര ജനതയുടെ ജീവനും സ്വത്തിനും കാർഷിക വിളകൾക്കും സംരക്ഷണം നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കെ.സി.എഫ്. സംസ്ഥാന ജനറൽ കൗൺസിൽ യോഗം അൽമായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. കെ.എം. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. കെ.സി.എഫ്. വൈദികോപദേഷ്ടാവും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഡ്വ ജസ്റ്റിൻ കരിപ്പാട്ട്, ട്രഷറർ വി.പി. മത്തായി, മുൻ പ്രസിഡന്റ് ഷാജി ജോർജ്, കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, കെ.എൽ.സി.എ. പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, എം.സി.എ. മുൻ ജനറൽ സെക്രട്ടറി ധർമ്മരാജ് പിൻകുളം, അനിൽ ജോൺ ഫ്രാൻസിസ്, വി.സി. ജോർജ്കുട്ടി എന്നിവർ പ്രസംഗിച്ചു.



വിശ്വഹിന്ദു പരിഷത്ത് വാർഷിക പ്രതിനിധിയോഗം സമാപന സമ്മേളനം സംസ്ഥാന പ്രസിഡന്റ് വിജി തമ്പി ഉദ്ഘാടനം ചെയ്യുന്നു.സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി. ആർ രാജശേഖരൻ, ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി സ്ഥാണുമാലയൻ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ സമീപം

# മയക്കുമരുന്ന്: നിയമസംവിധാനങ്ങൾ അടിയന്തരമായി പരിഷ്ക്കരിക്കണം: വിഎച്ച്പി

**കൊച്ചി:** യുവതലമുറയെ നശിപ്പിക്കുന്ന മയക്ക് മരുന്ന്,അക്രമ, അരാജകത്വ മാഫിയകളിൽ നിന്നും കേരളത്തെ മോചിപ്പിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും മയക്കു മരുന്നുപയോഗവും വിതരണവും നടത്തുന്നവർക്കെതിരെ പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ സംവിധാനം പരിഷ്ക്കരിക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് വാർഷിക പ്രതിനിധിയോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. അധാർമ്മിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് സോദരങ്ങളെയും മാതാപിതാക്കളെയും ഗുരുക്കന്മാരെയും തിരിച്ചറിയാൻ കഴിയാതെ എന്തു ഹീനകൃത്യവും ചെയ്യാൻ മടിയില്ലാതെ അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും കേരളത്തിലെ ഭരണകൂടത്തിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. വിദ്യാർഥികളുടെ ഇടയിലെ മയക്കുമരുന്നുപയോഗം നിമിത്തം കലാലയങ്ങളിൽ ഭീകരമായ രീതിയിൽ റാഗിംഗിന് ഇരയാകുന്ന കുട്ടികളുടെ എണ്ണത്തിൽ വൻ വർധനവാണ് ഉണ്ടായിരിക്കുന്നത്. കുടുംബങ്ങളിലെ ശൈഥില്യവും ഇന്റർനെറ്റ് ദുരുപയോഗവും എളുപ്പത്തിൽ പണം സമ്പാദിക്കാമെന്ന വ്യാമോഹവുമെല്ലാം സ്ത്രീപുരഷ ഭേദമെന്യേ നിരവധിയാളുകളെ ഇത്തരം മേഖലകളിൽ കണ്ണികളാക്കുകയാണ്. ഭരണകൂടവും നിയമപാലകരും അധ്യാപകരും രക്ഷിതാക്കളും സന്നദ്ധപ്രവർത്തകരും മുന്നിട്ടറങ്ങിയാൽ മാത്രമെ ഇത്തരം അധാർമ്മികമായ പ്രവർത്തനങ്ങൾ തടയാൻ കഴിയു. മയക്ക് മരുന്ന് ഉറവിടത്തിൽ നിന്നു തന്നെ പിടിച്ചെടുത്ത് നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണം. കള്ളപ്പണം, മയക്ക് മരുന്നു കച്ചവടം തുടങ്ങിയ ദേശവിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമായി കേരളം മാറിയതിനു പിന്നിൽ മതതീവ്രവാദ ശക്തികൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് രഹസ്യാന്വേഷണ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതിൽ വ്യക്തമായി അന്വേഷണം നടത്താനോ യഥാർഥ കുറ്റവാളികളെ കണ്ടെത്താനോ വോട്ട് ബാങ്ക് ഭയന്ന് സർക്കാർ തയ്യാറാകുന്നില്ലെന്നും യോഗം പ്രമേയത്തിലൂടെ കുറ്റപ്പെടുത്തി.

സമൂഹത്തിൽ അരാജകത്വം വർത്തുന്ന വിധത്തിൽ അക്രമപ്രവർത്തനങ്ങൾ കുത്തിനിറച്ച് ചിത്രീകരിക്കുന്ന സിനിമകളും വെബ്സീരിസുകളും കർശനമായ സെൻസറിംഗിന് വിധേയമാക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

# ഡെൻമാർക്ക് പ്രതിനിധിസംഘം നോർക്ക സന്ദർശിച്ചു

**തിരുവനന്തപുരം:** കേരളത്തിൽ നിന്നും ആരോഗ്യപ്രവർത്തകരെയുൾപ്പെടെ റിക്രൂട്ട്ചെയ്യുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനായി ഇന്ത്യയിലെ ഡെൻമാർക്ക് എംബസി സ്ട്രാറ്റജിക് സെക്ടർ കോഓപ്പറേഷൻ (എസ്.എസ്.സി) കൗൺസിലർ എമിൽ സ്റ്റോവറിങ് ലൗറിറ്റ്സെന്റെ നേതൃത്വത്തിലുള്ള 11 അംഗ പ്രതിനിധിസംഘം നോർക്ക സെന്റർ സന്ദർശിച്ചു. രാവിലെ നോർക്ക സെന്ററിലെത്തിയ സംഘം നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി, റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി. കെയർ ഹോം സർവ്വീസ് മേഖലയിലേയ്ക്കുള്ള നഴ്സിംങ് റിക്രൂട്ട്മെന്റ്, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം, സ്കിൽ പാർട്ണർഷിപ്പ് എന്നിവ ചർച്ച ചെയ്തു. ഡാനിഷും ഭാഷാഭേദമായ ഫ്ലമിഷ് ഭാഷാ പരിശീലനങ്ങൾക്കും പ്രത്യേക സംവിധാനമൊരുക്കുന്നത് പരിഗണിക്കാമെന്ന് സംഘം അറിയിച്ചു. ഇതിനോടൊപ്പം ജർമ്മൻ റിക്രൂട്ട്മെന്റ് പദ്ധതിയായ ട്രിപ്പിൾ വിൻ കേരളയുടെ മാതൃകയിൽ ഗവൺമെന്റ് തലത്തിലുള്ള റിക്രൂട്ട്മെന്റാണ് ഉചിതമാവുകയെന്ന് അജിത് കോളശ്ശേരിയും ചർച്ചയിൽ അറിയിച്ചു.

ഡാനിഷ് വിദേശകാര്യ മന്ത്രാലയം സീനിയർ അഡ്വൈസർ എസ്പെൻ ക്രോഗ്, ഉന്നതവിദ്യാഭ്യാസം, ശാസ്ത്രം മന്ത്രാലയത്തിലെ സീനിയർ അഡ്വൈസർ ആസ്ട്രിഡ് ഫോഗ് ഹാർബോ, വിദ്യാഭ്യാസ ശിശു വികസന മന്ത്രാലയത്തിനു കീഴിലെ കെയർ,ഹെൽത്ത് വൊക്കേഷണൻ ട്രെയിനിങ് നൽകുന്ന സ്വയംഭരണ സ്ഥാപനമായ ടഛരടഡ ഒ പ്രതിനിധികളായ ഹെല്ലെ സ്ലോത്ത്, കിം സ്ലോത്ത്, സീനിയർ സിറ്റിസൺസ് മന്ത്രാലയത്തിൽ നിന്നും ജെൻസ് ഉൽറിക് സോർബ്രെയ്കാർലെ, ഡാനിഷ് ഏജൻസി ഫോർ ഇന്റർനാഷണൽ റിക്രൂട്ട്മെന്റ് ആൻഡ് ഇന്റഗ്രേഷൻ ചീഫ് അഡ്വൈസർ ജോൺ ജോൺ ഫ്രെഡറിക്സൺ, ഹെർലേവ് & ജെന്റോഫ്റ്റെ ഹോസ്പിറ്റൽ പ്രതിനിധികളായ ഹെലീനെ ബ്ലിഡൽ ഡോസിങ്, ഷാർലോട്ട് ആകർസ്ട്രോം പോൾസൺ, ഡാനിഷ് ഏജൻസി ഓഫ് എഡ്യുക്കേഷൻ ആൻഡ് ക്വാളിറ്റിയിൽ നിന്നും ക്രിസ്റ്റ്യാൻ വെസ്റ്റർഗാഡ്സ് സ്ലോത്ത്, ലോക്കൽ ഗവർമെന്റ് ഡെൻമാർക്ക് സീനിയർ അഡ്വൈസർ ട്രൈൻ ബോൾവിൻ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഡെൻമാർക്ക് സംഘം തിരുവനന്തപുരം ഗവൺമെന്റ് നഴ്സിങ് കോളേജും സന്ദർശിച്ചു.



# പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു

**കോലഞ്ചേരി:**കിങ്ങിണിമറ്റം സെന്റ് ജോർജ്ജ് സൺഡേ സ്കൂളിന്റെ 75ാം വാർഷികവും ഒരു വർഷം നീണ്ടു നിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം കോലഞ്ചേരി മെഡിക്കൽ കോളേജ് സെക്രട്ടറി& സി ഇ ഒ ജോയ് പി ജേക്കബ് നിർവ്വഹിച്ചു.

ഉത്ഘാടന സമ്മേളനത്തിന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ പള്ളി വികാരി ഫാ. ഏലിയാസ് കാപ്പുംകുഴി അദ്ധ്യക്ഷത വഹിച്ചു. പള്ളി സഹ വികാരി സന്തോഷ് തെറ്റാലിൽ , ട്രസ്റ്റി നിബു കെ.കുര്യാക്കോസ്, എം.ജെ എസ്. എസ്. ഏ. കോലഞ്ചേരി ഡിസ്ട്രിക്ട് ഇൻസ്പെക്ടർ സജി മാരിയിൽ, ഹെഡ്മാസ്റ്റർ കെ എസ്. അബ്രാഹം. എൽദോസ് കെ. മത്തായി. സോബി ഏലിയാസ് ,ബേസിൽ തമ്പി തുടങ്ങിയവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു.ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പദ്ധതികളാണ് പ്ലാറ്റിനം ജൂബിലി കമ്മറ്റി ആസൂത്രണം ചെയ്തിരിക്കുന്നത്. പഠന സഹായം, നിർധനരായ രോഗികൾക്കുള്ള സഹായം, പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമം, തുടങ്ങിയവയ്ക്കാണ് കമ്മറ്റി രൂപംകൊടുത്തിരിക്കുന്നത്. വാർഷികത്തോടനുബന്ധിച്ച് കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.

## വാഹന ക്വട്ടേഷൻ

**കോഴിക്കോട്:** കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, കോഴിക്കോട്/വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് ഉപയോഗത്തിനായി 2018 മാർച്ച് ഒന്നിനോ ശേഷമോ ആദ്യ രജിസ്ട്രേഷൻ ഉള്ള എയർകണ്ടിഷൻ ചെയ്ത ടാക്സി പെർമിറ്റുള്ള 1400 സിസിക്ക് മുകളിലുള്ള ഏഴ് സീറ്റർ വാഹനം കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ലഭ്യമാക്കുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷൻ നേരിട്ടും തപാൽ/സ്പീഡ് പോസ്റ്റ് മുഖേനയും ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 14 വൈകീട്ട് മൂന്ന് മണി. ഫോൺ: 04952992620.

# ഹൃദ്യത്തിലൂടെ 8000 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ

**തിരുവനന്തപുരം:** ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 8,000 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഹൃദ്യം പദ്ധതിയിലൂടെ ചികിത്സയ്ക്കായി ആകെ 24,222 കുട്ടികൾ രജിസ്റ്റർ ചെയ്തു. അതിൽ 15,686 പേർ ഒരു വയസിന് താഴെയുള്ളവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ ശസ്ത്രക്രിയ ആവശ്യമായ 8000 കുട്ടികൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞുങ്ങളുടെ ഹൃദയ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനായി വലിയ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും ഗുണനിലവാരം ഉയർത്തി. 12 ആശുപത്രികളെ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തി. 3 മെഡിക്കൽ കോളേജുകൾക്ക് ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചു. ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർ ചികിത്സ ഉറപ്പാക്കാനും തുടർ നടപടികൾ ഏകീകരിക്കുന്നതിനുമായി ഹൃദ്യം വെബ് സൈറ്റ് വിപുലീകരിച്ചു. അടിയന്തര സ്വഭാവമുള്ള കേസുകളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു. ഇതിനായി വെന്റിലേറ്റർ/ഐ.സി.യു. ആംബുലൻസ് സേവനവും നൽകി വരുന്നു.

ജന്മനാ ഹൃദ്രോഗമുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തിയാൽ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. നവജാത ശിശുക്കൾ മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭ്യമാക്കുന്നു. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കി വരുന്നു. എല്ലാ കുട്ടികൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലെത്തിയും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ് നടത്തുന്നു.

ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ എക്കോ ഉൾപ്പെടെയുള്ള വിദഗ്ധ പരിശോധന നടത്തും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലോ, എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിലോ ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

8 സർക്കാർ, സ്വകാര്യ ആശുപത്രികൾ ഹൃദ്യം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ മാത്രം മൂന്നുവർഷം കൊണ്ട് 1000ലധികം കുഞ്ഞുങ്ങൾക്ക് വിദഗ്ധ ഹൃദ്രോഗ ചികിത്സ നൽകിയിട്ടുണ്ട്. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയാ വിഭാഗം ഉൾപ്പെടെ സജ്ജമാക്കി വളരെ ചെലവ് വരുന്ന എക്മോ ചികിത്സയും സങ്കീർണമായ ഹൃദയ ശസ്ത്രക്രിയയും ഉൾപ്പെടെ ആരംഭിച്ചു.

ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ ലഭിച്ച കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയും വികാസവും ഉറപ്പാക്കുന്ന തുടർപിന്തുണാ പദ്ധതിയും നടത്തി വരുന്നു. സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പരിചരണം ആവശ്യമാണ്. ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.



# കുറിഞ്ഞി ഗവ: യു.പി.സ്കൂൾ 120 മത് വാർഷികാഘോഷവും യാത്രയയപ്പു സമ്മേളനവും

**കോലഞ്ചേരി:** കുറിഞ്ഞി ഗവ: യു.പി. സ്കൂൾ 120 മത് വാർഷികാഘോഷവും, യാത്രയയപ്പു സമ്മേളനവും നടത്തി. പി.വി. ശ്രീനിജീൻ. എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ബാലാവകാശ കമ്മീഷൻ ശിക്ഷണത്തിന്റെ പേരിൽ സ്കൂളുകളിൽ ഇടപെടരുതെന്ന് എം.എൽ.എ. അഭിപ്രായപ്പെട്ടു.

പൂത്തൃക്ക പഞ്ചായത്ത് പ്രസിഡന്റ് ടി.പി. വർഗീസ്.അദ്ധ്യക്ഷനായിരുന്നു. ചിത്രകാരൻ സുരേഷ് തമ്മാനിമറ്റം മുഖ്യ സന്ദേശം നൽകി. ജില്ലാ പഞ്ചായത്തംഗം ലിസി അലക്സ്, പഞ്ചായത്തംഗം മോൻ സി പോൾ, പി.റ്റി.എ.പ്രസിഡന്റ് സേവ്യർ ചെന്നക്കാട്, എസ്.എം.സി. ചെയർമാൻ പി.എ. തങ്കപ്പൻ, മാതൃസംഗമം ചെയർപേഴ്സൺ നീതു ശശികുമാർ, ഹെഡ്മിസ്ട്രസ് സാന്റി.എം. പോൾ, എം.ജി.എം സ്കൂൾ മാനേജർ സജി.കെ. ഏലിയാസ്, പി.വി. ജോസ്, എം.കെ. പോൾ, സിനിയർ അസിസ്റ്റന്റ് ശ്രീ പ്രിയ എന്നിവർ പ്രസംഗിച്ചു.

സ്കൂൾ മാഗസിൻ ബിന്ദു മനോഹരൻ പ്രകാശനം ചെയ്തു. ബ്ലോക്ക് മെമ്പർ രാജൻ എൻഡോവ്മെന്റ് വിതരണം ചെയ്തു. ശാസ്ത്ര മേള വിജയികളെ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ: ബിജു. കെ.ജോർജ് അനുമോദിച്ചു, സ്റ്റാഫ് സെക്രട്ടറി ചിഞ്ചു പോൾ റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ പഞ്ചായത്ത് പ്രസിഡന്റ് അന്നമ്മയോഹന്നാൻ, സ്കൂൾ ലീഡർ അല നാൻ ഡ്രു ഏലിയാസ് പ്രസംഗിച്ചു.വിരമിക്കുന്ന അധ്യാപകൻ ബിജു കുര്യാക്കോസിനെ ആദരിച്ചു.പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാത്യു കുമ്മണ്ണൂർ സമ്മാനങ്ങൾ വിതരണം ചെയ്തു.

# സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മീഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം/മൃഗസംരക്ഷണം, വ്യവസായ സംരംഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ നിറസാന്നിദ്ധ്യമാവുകയും വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിനാകെ പുതുവെളിച്ചമുണ്ടാക്കുകയും ചെയ്ത യുവജനങ്ങളെയാണ് കമ്മീഷൻ നിയോഗിച്ച ജൂറി അവാർഡിനായി തിരഞ്ഞെടുത്തത്.

കല/സാംസ്കാരികം മേഖലയിൽ നിന്ന് സമകാലീന മലയാള സിനിമയിലെ ഏറ്റവും ശ്രദ്ധേയയായ അഭിനേത്രി നിഖില വിമൽ അവാർഡിന് അർഹയായി. ഒരേസമയം വിപണന മൂല്യവും കലാമൂല്യവുമുള്ള സിനിമകളുടെ ഭാഗമായി മികച്ച പ്രകടനം കാഴ്ചവെക്കുകയും സിനിമ പ്രവർത്തനത്തിനോടൊപ്പം പുരോഗമന സാമൂഹിക രാഷ്ട്രീയ ഇടപെടലിലൂടെയും പ്രതിബദ്ധതയുള്ള യുവത്വത്തിന് മാതൃകാജീവിതമാണ് നിഖില വിമൽ.

ഇന്ത്യൻ ക്രിക്കറ്റ് ഭൂപടത്തിൽ കേരളത്തിന്റെ സംഭാവനയായി ജ്വലിച്ചുയർന്ന ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലെ ഓൾറൗണ്ടർ സജന സജീവനാണ് കായികരംഗത്തു നിന്ന് അവാർഡിനർഹയായത്. കേരളത്തിന്റെ അഭിമാനതാരം 2024 ഐസിസി വനിതാ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിലും അംഗമായിരുന്നു.

ബൗദ്ധികവ്യവഹാരങ്ങളിലും സർഗാത്മകതയിലും തന്റേതായ ഇടം കണ്ടെത്തിയ യുവ എഴുത്തുകാരൻ വിനിൽ പോളിനാണ് സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം. എഴുത്ത് ഗവേഷണാത്മകവും സർഗാത്മകവും ചരിത്രപരവുമാണ് എന്ന് വിനിൽ പോളിന്റെ രചനകൾ കാട്ടിത്തരുന്നു. ചരിത്രത്തിൽ നിന്ന് അദൃശ്യരായി പോയ മനുഷ്യരെയും അവരുടെ ശബ്ദങ്ങളെയും അവരുടെ കാൽപ്പാടുകളെയും വീണ്ടെടുത്ത് ആവിഷ്കരിക്കുക എന്ന രാഷ്ട്രീയ ധർമ്മമാണ് വിനിൽ പോൾ തന്റെ എഴുത്തിലൂടെ ചെയ്തുവരുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കാവേരി കാഞ്ചൻ ഡ്രമ്മിൽ വളർത്താൻ കാവേരി വാമൻ

പുഴുങ്ങാതെ നേരിട്ടു കഴിക്കാൻ നേന്ത്രൻ ഇനം കാവേരി കാഞ്ചൻ, ടെറസിൽ വളർത്താൻ കുഞ്ഞൻ വാഴ കാവേരി വാമൻ, വീട്ടുവളപ്പുകളിൽ വളർത്താൻ ഉയരം കുറഞ്ഞ കർപ്പൂരവള്ളി ഇനം കാവേരി കൽക്കി.

തമിഴ്നാട്ടിലെയും കേരളത്തിലെയും കർഷകർക്കു വേണ്ടി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള തിരുച്ചിറപ്പള്ളി ദേശീയ വാഴ ഗവേഷണ കേന്ദ്രം പുറത്തിറക്കിയ പുതിയ വാഴ ഇനങ്ങളാണിവ.

സാധാരണ നേന്ത്രപ്പഴങ്ങൾ പുഴുങ്ങിക്കഴിക്കുന്പോൾ സ്ഥ നേന്ത്രൻ മോഡിഫൈഡ്'എന്ന വിശേഷണമുള്ള കാവേരി കാഞ്ചൻ പഴം ചെറുപഴങ്ങൾ പോലെ നേരിട്ടു കഴിക്കാം. മൃദുവായ ഈ പഴത്തിന് നല്ല മധുരവുമുണ്ട്. പോഷക ഗുണത്തിലും ഏറെ മുമ്പിലാണ് ഇവൻ.

പുതിയ വിത്തിനങ്ങൾ പുറത്തിറക്കുന്നതിന് അനുമതി നൽകുന്ന കേന്ദ്ര സമിതിയുടെ അംഗീകാരവും ഈ ഇനം നേടിക്കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്കുവേണ്ടി തമിഴ് കാർഷിക സർവകലാശാല 2024ൽ ഔദ്യോഗികമായി പുറത്തിറക്കിയ 20 പുതിയ വിളയിനങ്ങളിൽ ഒന്നാണ് കാവേരി കാഞ്ചൻ.

കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന വാഴ ഇനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നേന്ത്രൻ. ഒരു തനി വിളയായാണു നേന്ത്രന്റെ കൃഷി. പടലകളുടെയും കായ്കളുടെയും എണ്ണത്തിലും ആകൃതിയിലും വ്യത്യസ്തമായ പത്തിലേറെ നേന്ത്രൻ ഇനങ്ങൾ കേരളത്തിൽ കൃഷി ചെയ്തു വരുന്നു.

ചെങ്ങാലിക്കോടൻ, നെടുനേന്ത്രൻ, ചങ്ങനാശേരി നേന്ത്രൻ, മഞ്ചേരി നേന്ത്രൻ, ആറ്റു



നേന്ത്രൻ, ക്വിൻറൽ നേന്ത്രൻ തുടങ്ങിയ വ്യത്യസ്ത ഇനങ്ങൾ കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്. വീട്ടുവളപ്പുകളിൽ കൃഷി ചെയ്യാൻ യോജിച്ച, ഉയരം കുറഞ്ഞ മഞ്ചേരി കുള്ളൻ അടുത്ത കാലത്ത് കേരളത്തിൽ പ്രചാരം നേടിയ നേന്ത്രൻ ഇനമാണ്.

ഈ നേന്ത്രൻ ഇനങ്ങളിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് കാവേരി കാഞ്ചൻ. കാഴ്ച ശക്തിക്കും ശരീരത്തിന്റെ പ്രതിരോധശേഷിക്കും അവശ്യം വേണ്ട വൈറ്റമിൻ എയുടെ സന്പന്നമായ ഉറവിടമാണ് കാവേരി കാഞ്ചൻ. ഇതിന്റെ പഴം പ്രോ വിറ്റാമിൻ എ കൊണ്ട് സന്പന്നമാണ്. ഓരോ 100 ഗ്രാം പഴത്തിലും 2.4 മില്ലി ഗ്രാം പ്രോ വിറ്റാമിൻ എ അടങ്ങിയിട്ടുണ്ട്.

ഗ്രാൻറ് നെയിൻ ഇനത്തേക്കാൾ 40 ഇരട്ടിയും രസ്താലി ഇനത്തേക്കാൾ 30 ഇരട്ടിയും അധികം പ്രോ വിറ്റാമിൻ എ ഇതിൽ അടങ്ങിയിട്ടുണ്ട്. ഇതിനു പുറമെ പൊട്ടാസ്യം, വൈറ്റമിൻ സി, വൈറ്റമിൻ ബി 6 എന്നിവയുടെയും കലവറയാണ് കാവേരി കാഞ്ചൻ. സാധാരണ നേന്ത്രൻ ഇനങ്ങളെക്കാൾ അമ്ലത്വം കുറവുമാണ്. ഭക്ഷണത്തിലെ നാരുകളും ടിഎസ്എസ് ഘടകവും കൂടുതലാണു താനും.

സാധാരണ നേന്ത്രൻ ഇനവും കൾട്ടിവാർ റോസ് എന്ന ഇനവും തമ്മിലുള്ള സങ്കരണത്തിലൂടെ വികസിപ്പിച്ചെടുത്ത ഉത്പാദന ശേഷി കൂടിയ ഇനമാണ് കാവേരി കാഞ്ചൻ. ഇതിന്റെ സങ്കരണത്തിൽ നേന്ത്രൻ മാതൃസസ്യമായും റോസ് പിതൃസസ്യമായും ഉപയോഗിച്ചു.

കാവൻഡിഷ് ഉപവിഭാഗത്തിൽപ്പെട്ട ഗ്രാൻറ് നെയിൻ ഇനത്തിന്റേതു പോലെ മൃദുവാണ് പുതിയ ഇനത്തിന്റെ പഴം. ഗ്രാൻറ് നെയിന്റെ രുചിയും നേന്ത്രപ്പഴത്തിന്റെ ഗന്ധവും പഴത്തിനുണ്ട്. ഗ്രാൻറ് നെയിൻ പോലെ പുഴുങ്ങാതെ കഴിക്കാം. പഴമായി കഴിക്കുന്നതിനു പുറമെ ചിപ്സ്, പൊടി തുടങ്ങിയ മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാനും അനുയോജ്യം.

തമിഴ്നാട്, കേരളം, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ പുതിയ ഇനം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാം. സ്ഥിരമായി ഉയർന്ന വിളവ് നൽകുന്ന ഈ ഇനത്തിൽ നിന്ന് സാധാരണ നേന്ത്രൻ ഇനങ്ങളെക്കാൾ 2060 ശതമാനം കൂടുതൽ വിളവ് ലഭിക്കും.

ഒരു കുലക്ക് ശരാശരി 23 കിലോ തൂക്കമുണ്ടാകും. ഒരു കുലയിൽ ഏഴ് എട്ട് പടലകളുമുണ്ടാകും. ഫ്യൂസേറിയം വാട്ടം എന്ന കുമിൾ രോഗത്തെ പ്രതിരോധിക്കാൻ കഴിവുണ്ട്. മഴയെ ആശ്രയിച്ച് ഏപ്രിൽമെയ് മാസങ്ങളിലും ജലസേചന സൗകര്യമുണ്ടെങ്കിൽ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലും ഈ ഇനം കൃഷി ചെയ്യാം.

2 X 2 മീറ്റർ അകലത്തിൽ 50 സെൻറിമീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴിയെടുത്ത് സാധാരണ നേന്ത്രൻ ഇനങ്ങൾ പോലെ നടാം. മറ്റു പരിചരണ മുറകളും സാധാരണ നേന്ത്രനേതു പോലെ തന്നെ. 305 മുതൽ 310 ദിവസങ്ങൾക്കുള്ളിൽ വിളവെടുക്കാം.

വീട്ടിലെ ടെറസിലും വീട്ടുമുറ്റത്തും വളർത്താൻ യോജിച്ച കുഞ്ഞൻ വാഴ വേണോ അതിനുള്ള ഉത്തരമാണ് തിരുച്ചിറപ്പള്ളിയിലെ ദേശീയ വാഴ ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത കുള്ളൻ വാഴ ഇനം കാവേരി വാമൻ. അഞ്ചടി മാത്രമാണ് ഈ വാഴയുടെ ഉയരം.

റോബസ്റ്റ, ഗ്രാൻറ് നെയിൻ തുടങ്ങിയവ ഉൾപ്പെട്ട കാവൻഡിഷ് ഉപവിഭാഗത്തിൽപ്പെട്ട ഇനമാണിത്. അന്താരാഷ്ട്ര വിപണിയിൽ ഏറെ ഡിമാൻഡുള്ള ഗ്രാൻറ് നെയിൻ ഇനത്തിൽ നിന്നും ബാബാ ആറ്റോമിക് റിസർച്ച് സെൻററിന്റെ സഹായത്തോടെ ഉൾപരിവർത്തനത്തിലൂടെയാണ് (മ്യൂട്ടേഷൻ) ഈ ഇനം വികസിപ്പിച്ചെടുത്തത്. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്ക് ഏറെ സാധ്യതകളുള്ള ഈ ഇനം കേരളവും തമിഴ്നാടും ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കൃഷി ചെയ്യാം. കാവേരി വാമന്റെ ഒരു കുലയ്ക്ക് 18 മുതൽ 25 കിലോ വരെ തൂക്കമുണ്ടാകും. കുലകൾക്ക് ഇടത്തരം വലിപ്പമാണ്.

ഒരു കുലയിൽ 810 പടലകളുണ്ടാകും. കനത്ത മഴയെയും കൊടുങ്കാറ്റിനെയും അതിജീവിക്കും. കാറ്റിന്റെ ശല്യമുള്ള പ്രദേശങ്ങളിൽ യോജിച്ച ഇനമാണ്. വാഴകൾക്ക് താങ്ങു കൊടുക്കേണ്ടതില്ല. അതിസാന്ദ്രതാ കൃഷിരീതിയിൽ കൂടുതൽ തൈകൾ നടാൻ യോജിച്ച ഇനം കൂടിയാണ് കാവേരി വാമൻ.

കേരളത്തിലെ വീട്ടുവളപ്പുകളിൽ സാധാരണയായി കണ്ടുവരുന്ന വാഴ ഇനമാണ് കർപ്പൂരവള്ളി. ഈ ഇനത്തിന് പൊതുവെ ഉയരം കൂടുതലാണ്. വിളവെടുക്കാൻ കൂടുതൽ സമയം (15 മാസം വരെ) വേണ്ടി വരും. അതിനാൽ രുചിയുണ്ടെങ്കിലും ഈ ഇനം കൃഷി ചെയ്യാൻ കർഷകർക്ക് മടിയാണ്. ഈ പ്രശ്നത്തിനൊരു പരിഹാരമാണ് ദേശീയ വാഴ ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത കാവേരി കൽക്കി. സാധാരണ കർപ്പൂരവള്ളി ഇനങ്ങൾ നാലു മീറ്ററിൽ ഏറെ ഉയരത്തിൽ വളരുന്പോൾ കാവേരി കൽക്കിക്ക് ഉയരം രണ്ട് രണ്ടര മീറ്റർ മാത്രം. ഒരു കുലയിൽ 1315 പടലകളുണ്ടാകും.

ഒരു പടലയിൽ 1618 കായ്കളും. ഒരു കുലയ്ക്ക് ശരാശരി 25 കിലോ തൂക്കമുണ്ടാകും. വിളവെടുപ്പ് ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാകും. അലയൻസ് ബയോഡൈവേഴ്സിറ്റി ഇൻറർനാഷണൽ, സിഐഎടി എന്നീ രാജ്യാന്തര ഗവേഷണ സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച വിദേശ ഇനത്തിൽ നിന്നാണ് ഈ ഉയരം കുറഞ്ഞ ഈ കർപ്പൂരവള്ളി ഇനം വികസിപ്പിച്ചെടുത്തത്.

## പരിമിതികൾക്കുള്ളിലും നേട്ടങ്ങളുടെ കഥകളുമായി വാലാച്ചിറയിലെ സംസ്ഥാന വിത്തുത്പാദന കേന്ദ്രം

പരിമിതികൾക്കുള്ളിലും നേട്ടങ്ങളുടെ കഥകളാണ് സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള വാലാച്ചിറയിലെ സംസ്ഥാന വിത്ത് ഉത്പാദന കേന്ദ്രത്തിന് പറയാനുള്ളത്. ഫാമിൽ ആകെയുള്ള 25 ഏക്കർ പാടശേഖരത്തും ഈ വർഷം നെൽകൃഷി ഇറക്കി.

കഴിഞ്ഞ ഏഴ് വർഷത്തിനിടെ പൂർണമായും തരിശുരഹിതമായി ഫാം മാറിയത് ഈ വർഷമാണ്. 2018 ലാണ് അവസാനമായി 25 ഏക്കറിലും നെൽക്യഷി നടത്തിയത്. അതിന് മുമ്പും പിന്നീട് 2023 വരെ അഞ്ച് മുതൽ 10 ഏക്കർ വരെ തരിശിട്ടിരുന്നു.ബാക്കിവരുന്ന പാടത്തായിരുന്നു കൃഷി. കാലങ്ങളായി ഉപേക്ഷിച്ചിട്ടിരുന്ന അഞ്ചേക്കർ സ്ഥലം ഇത്തവണ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തൊഴിലാളികളെകൊണ്ട് വൃത്തിയാക്കിയാണ് മുഴുവൻ സ്ഥലത്തും കൃഷിയിറക്കാനായത്.

25 ഏക്കറിലും നെൽവിത്ത് കിളിർപ്പിച്ചെടുത്ത ഞാറ് നട്ടതിനാൽ പാടം നിറഞ്ഞ് ഇവിടെ കൃഷിയുണ്ട്. ഉമ വിത്താണ് വിതച്ചിരിക്കുന്നത്. മാർച്ച് ആദ്യവാരം വിളവെടുപ്പിന് പാകമായി നെല്ല് കതിരിട്ട് കഴിഞ്ഞു.

മുൻവർഷങ്ങളേക്കാൾ മികച്ച വിളവാണ് ഇത്തവണ പ്രതീക്ഷിക്കുന്നതെന്ന് ഫാം സൂപ്രണ്ട് എ. ഫസീന പറഞ്ഞു. അടുത്ത സാമ്പത്തിക വർഷം മുതൽ വർഷത്തിൽ രണ്ട് തവണ നെൽകൃഷി നടത്താനും ശ്രമിക്കും. കൃഷി രീതിയിൽ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച വിളവ് ലഭ്യമാക്കാനുള്ള പദ്ധതികളും പരീക്ഷിച്ചു വരുന്നതായി സൂപ്രണ്ട് പറയുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന നെൽവിത്ത് കൃഷിഭവനുകൾക്കും തൃശൂരിലെ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെൻറ് അതോറിറ്റിക്കും (കെഎസ്എസ്ഡിഎ) ആണ് നൽകുന്നത്.

ജനിതക ഗുണമേന്മയുള്ള ഇനത്തിൽപ്പെട്ട അടിസ്ഥാന വിത്താണ് (എഫ്എസ്രണ്ട്) ഇവിടെ ഉത്പാദിപ്പിക്കുന്നത്. നെൽക്യഷിക്കു പുറ



മേ കുരുമുളക്, ടിഷ്യു കൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ എന്നിവയുടെ വിത്തുകളും തൈകളും ഉത്പാദിപ്പിച്ചു കൃഷിഭവൻ വഴി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

പാവൽ, പടവലം, വെള്ളരി, മത്തങ്ങ എന്നീ പച്ചക്കറികളും കൃഷി ചെയ്തു വിപണനം നടത്തിവരുന്നു. ഇവിടെ കൃഷി ചെയ്യുന്ന കപ്പ, തെങ്ങ് എന്നിവയിൽനിന്ന് വാട്ടുകപ്പ, വെളിച്ചെണ്ണ എന്നിങ്ങനെ വിവിധ മൂല്യവർധിത വസ്തുക്കൾ ഉത്പാദിപ്പിച്ചും വിൽക്കുന്നുണ്ട്. റാഗി കൃഷിയും കഴിഞ്ഞ രണ്ടു വർഷമായി നടത്തുന്നുണ്ട്.1960ലാണ് വാലാച്ചിറയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ വിത്തുത്പാദന കേന്ദ്രം പ്രവർത്തനം തുടങ്ങിയത്. മൂന്ന് പുരുഷന്മാർ ഉൾപ്പെടെ 16 തൊഴിലാളികളും ഏഴ് ജീവനക്കാരുമാണ് ഇവിടെ ജോലി ചെയ്യുന്നത്. ഓട്ടോമേറ്റഡ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഇവിടെ സ്ഥാപിക്കാനുള്ള തയാറെടുപ്പുകളും തുടങ്ങിയിട്ടുണ്ട്.പദ്ധതി പ്രകാരം കാലാവസ്ഥാ ഘടകങ്ങളായ മഴയുടെയും താപനില, അന്തരീക്ഷത്തിലെ ഈർപ്പം എന്നിവയുടെ ഓരോ ദിവസത്തെയും കൃത്യമായ അളവുകൾ രേഖപ്പെടുത്താനുള്ള സംവിധാനമാണ് വരുന്നത്. ടൂറിസം കേന്ദ്രമായ എഴുമാന്തുരുത്തിന് അടുത്തുള്ള ഇവിടെ ഫാമിൽ ടൂറിസത്തിന്റെ വേറിട്ട സാധ്യതകൾ നടപ്പാക്കാനുള്ള പദ്ധതികളും കൃഷിവകുപ്പ് ആരംഭിച്ചിട്ടുണ്ട്.സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും കൃഷിയെ കുറിച്ച് പഠിക്കാനും മനസിലാക്കാനും പരിശീലന കേന്ദ്രത്തിനും വിനോദത്തിനും വിശ്രമത്തിനുമായുള്ള പാർക്കിനുമായി അഞ്ചര കോടി രൂപയുടെ പദ്ധതി തയാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഫാം സൂപ്രണ്ട് പറഞ്ഞു.

# ട്രാവൽ ഗ്യാരണ്ടി ഫീച്ചറുമായി കൺഫേം ടിക്കറ്റ്

**കൊച്ചി:** പ്രമുഖ ഓൺലൈൻ ട്രെയിൻയൂട്ടിലിറ്റി, ടിക്കറ്റിംഗ് കേന്ദ്രീകൃത പ്ലാറ്റ്ഫോമായ കൺഫേം ടിക്കറ്റ് വെയിറ്റിംഗ് ലിസ്റ്റ് ടിക്കറ്റുകളുള്ള യാത്രക്കാർക്ക് കൂടുതൽ സുരക്ഷയും സൗകര്യവും വാഗ്ദാനം ചെയ്തുകൊണ്ട് രൂപകൽപ്പന ചെയ്ത ഫീച്ചറായ 'ട്രാവൽ ഗ്യാരണ്ടി' അവതരിപ്പിച്ചു. ചാർട്ട് തയ്യാറാക്കുന്ന സമയത്ത് ടിക്കറ്റ് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ, യാത്രക്കാർക്ക് 3 മടങ്ങ് വരെ നിരക്ക് റീഫണ്ടിന് അർഹത നൽകുന്നതാണ് ട്രാവൽ ഗാരണ്ടി ഫീച്ചറെന്ന് കൺഫേം ടിക്കറ്റ് ഇക്സിഗോ ട്രെയിൻസ് സിഇഒ ദിനേശ് കുമാർ കോത പറഞ്ഞു.പെട്ടെന്നുള്ള നിരക്ക് വർദ്ധനവിന്റെ ആഘാതം കുറയ്ക്കുന്നതിനൊപ്പം ഉപയോക്താക്കളെ തങ്ങളുടെ യാത്ര തടസ്സമില്ലാതെ വീണ്ടും ബുക്ക് ചെയ്യാൻ അനുവദിക്കുന്നതാണ് പുതിയ ഫീച്ചറെന്ന് അദ്ദേഹം പറഞ്ഞു.ചാർട്ട് തയ്യാറാക്കുന്ന സമയത്ത് ടിക്കറ്റ് വെയിറ്റിംഗ് ലിസ്റ്റിൽ തുടരുകയാണെങ്കിൽ ടിക്കറ്റ് നിരക്ക് യഥാർഥ പേയ്മെന്റ് മോഡിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് ഫീച്ചർ ഉപയോഗിക്കും. ബാക്കി തുക ഉപയോക്താക്കളുടെ തിരഞ്ഞെടുത്ത ട്രാവൽ മോഡിനെ അടിസ്ഥാനമാക്കി 'ട്രാവൽ ഗ്യാരണ്ടി കൂപ്പൺ' ആയി നൽകുന്നു.ട്രെയിൻ യാത്ര കൂടുതൽ വിശ്വസനീയവും സമ്മർദ്ദങ്ങളില്ലാത്തതുമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ ഫീച്ചർ രൂപകൽപ്പന ചെയ്തതെന്നും ദിനേശ് കുമാർ കോത പറഞ്ഞു. സ്ഥിരീകരിക്കാത്ത ബുക്കിംഗുകൾക്ക് 3 മടങ്ങ് വരെ റീഫണ്ട് വാഗ്ദാനം ചെയ്തുകൊണ്ട് ട്രാവൽ ഗാരണ്ടി വെയ്റ്റിംഗ് ലിസ്റ്റ് ചെയ്ത ടിക്കറ്റുകളുടെ അനിശ്ചിതത്വം പരിഹരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

# കെ സ്മാർട്ട്: തീർപ്പാക്കിയത് ഏഴര ലക്ഷത്തോളം അപേക്ഷകൾ

**തിരുവനന്തപുരം:** ഡിജിറ്റൽ ഗവേണൻസിന്റെ മുഖമായ കെ സ്മാർട് ആപ്ലിക്കേഷനിലൂടെ ജനന രജിസ്ട്രേഷൻ, ജനന സർട്ടിഫിക്കറ്റിലെ തിരുത്ത്, വൈകിയ ജനന അപേക്ഷകൾ എന്നിവകൾക്കായി ഇതുവരെ സമർപ്പിക്കപ്പെട്ടത് 692696 അപേക്ഷകൾ. ഇതിൽ 599103 അപേക്ഷകൾ തീർപ്പാക്കി കഴിഞ്ഞു. ആകെ സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ 96.27 ശതമാനമാണിതെന്ന് കെ സ്മാർട്ട് പ്രിൻസിപ്പൽ സെക്രട്ടറിയും മാനേജിംഗ് ഡയറക്ടറുമായ സന്തോഷ് ബാബു ഐഎഎസ് പറഞ്ഞു. ഏറ്റവും കൂടുതൽ ജനന രജിസ്ട്രേഷൻ അപേക്ഷകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നത് കോഴിക്കോട് കോർപ്പറേഷനിലാണ്. ആകെ 26111 അപേക്ഷകളാണ് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 98 ശതമാനവും, അതായത് 25770 അപേക്ഷകളും തീർപ്പാക്കി. തിരുവനന്തപുരം കോർപ്പറേഷനിൽ ആകെ 25747 ജനന രജിസ്ട്രേഷൻ അപേക്ഷകൾ കെ സ്മാർട് വഴി രജിസ്റ്റർ ചെയ്തു. ഇതിൽ 25649 അപേക്ഷകൾ തീർപ്പാക്കിക്കഴിഞ്ഞു. തൃശൂർ കോർപ്പറേഷനിൽ 11623 അപേക്ഷകളാണ് സ്വീകരിക്കപ്പെട്ടത്. ഇതിൽ 11571 അപേക്ഷകൾ തീർപ്പാക്കി. കൊച്ചി കോർപ്പറേഷനിൽ 11487 അപേക്ഷകൾ രജിസ്റ്റർ ചെയ്തപ്പോൾ അതിൽ 11429 എണ്ണമാണ് തീർപ്പാക്കിയത്. കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ 9942 ആപേക്ഷകൾ വന്നതിൽ 9935 അപേക്ഷകൾ തീർപ്പാക്കി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 9134 ജനന രജിസ്ട്രേഷൻ അപേക്ഷകളാണ് കെ സ്മാർടിലൂടെ സമർപ്പിക്കപ്പെട്ടത്. ഇതിൽ 9132 അപേക്ഷകൾ തീർപ്പാക്കി. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ 8492 അപേക്ഷകൾ രജിസ്റ്റർ ചെയ്യപ്പെട്ടപ്പോൾ അതിൽ 8485 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കിക്കഴിഞ്ഞു. കൊല്ലം കോർപ്പറേഷനിൽ ഇതുവരെ ആകെ 7638 അപേക്ഷകളാണുണ്ടായിട്ടുള്ളത്. ഇതിൽ 7601 അപേക്ഷകൾക്ക് അംഗീകാരം നൽകി. കാസർകോട് മുനിസിപ്പാലിറ്റിയിൽ ആകെ 7230 അപേക്ഷകൾ സ്വീകരിക്കപ്പെട്ടു. ഇതിൽ 7226 അപേക്ഷകൾ തീർപ്പാക്കിക്കഴിഞ്ഞു. മലപ്പുറം മുനിസിപ്പാലിറ്റിയിൽ ആകെ സ്വീകരിക്കപ്പെട്ട 7074 അപേക്ഷകളിൽ 7070 അപേക്ഷകളും തീർപ്പാക്കി.ഇതുവരെ ആകെ 145149 മരണവുമായി ബന്ധപ്പെട്ട അപേക്ഷകളാണ് കെ സ്മാർട് മുഖേന സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 132095 അപേക്ഷകൾ അനുവദിക്കപ്പെട്ടുകഴിഞ്ഞു. 138142 മരണ രജിസ്ട്രേഷൻ അപേക്ഷകൾ ലഭിച്ചതിൽ 132095 സർട്ടിഫിക്കറ്റുകൾ അനുവദിക്കുകയും 7146 മരണ സർട്ടിഫിക്കറ്റ് തിരുത്തൽ അപേക്ഷകളിലെ 4496 എണ്ണം നൽകുകയും ചെയ്തു. 1272 വൈകിയ മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭിച്ചതിൽ 4496 അപേക്ഷകൾ തീർപ്പാക്കി. ആകെ അപേക്ഷകളുടെ 91 ശതമാനമാണിത്.ഉദ്യോഗസ്ഥർക്ക് വീടുകളിൽ നിന്നുപോലും ഫയലുകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുമെന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള വേഗം വലിയ രീതിയിൽ കൂടിയിട്ടുണ്ട്. അപേക്ഷകൾ അപ്രൂവൽ ലഭിച്ചാലുടൻ സർട്ടിഫിക്കറ്റ് വാട്സ്ആപ്പിൽ ലഭ്യമാകുന്ന തരത്തിലും സർട്ടിഫിക്കറ്റിലെ ക്യു.ആർ കോഡ് സ്കാൻ ചെയ്താൽ നേരിട്ട് കെസ്മാർട്ട് വെബ്സൈറ്റിലേക്ക് പോയി വെരിഫൈ ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർ കൃത്യസമയത്ത് സേവനം നൽകുന്നുണ്ട് എന്ന് ഉറപ്പാക്കാനും കെ സ്മാർടിലൂടെ സാധിക്കും. ജോലിഭാരം കുറയുന്നതിനാൽ ജീവനക്കാർക്ക് മറ്റ് ഭരണ നിർവ്വഹണ കാര്യങ്ങളിൽ അവരുടെ കാര്യശേഷി ഉപയോഗപ്പെടുത്താനും കഴിയുമെന്നും സന്തോഷ് ബാബു് പറഞ്ഞു. സുതാര്യത ഉറപ്പ് വരുത്തി ഫയൽ നീക്കം വേഗത്തിലായി എന്നതാണ് കെ സ്മാർട്ട് സവിശേഷതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇന്ത്യൻ സാമ്പത്തിക രംഗത്തിന് വളർച്ചാ സാധ്യതയേറെ




**കൊച്ചി:** ലോകത്തിലെ യുവത്വമുള്ള രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം മികവുറ്റതായതിനാൽ രാജ്യത്തിനും സാമ്പത്തിക രംഗത്തിനും വളർച്ചാ സാധ്യത വളരെയധികമാണെന്ന് ക്ലേസിസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് തരകൻ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ലെക്ചർ സീരിസിൽ സാമ്പത്തിക വ്യവസ്ഥകളുടെ രൂപകൽപ്പന എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിലെ സാമ്പത്തിക വിതരണം ക്രമേണ വർധിച്ചുകൊണ്ടിരിക്കുകയാണ്. ചെറിയ ബാങ്കുകൾ ചെറിയ സ്ഥാപനങ്ങൾക്കും വലിയ ബാങ്കുകൾ വലിയ സ്ഥാപനങ്ങൾക്കും വായ്പകൾ അനുവദിക്കുന്നുണ്ട്. അതുവഴി സാമ്പത്തിക രംഗത്തിന് വലിയ നേട്ടങ്ങളാണ് സ്വന്തമാക്കാനാകുന്നത്. പരസ്പരം സാധനങ്ങൾ കൈമാറിയ ബാർട്ടർ സമ്പ്രദായമുണ്ടായ കാലത്തിൽ നിന്നാണ് ക്രയവിക്രയത്തിന് പണം ഉപയോഗപ്പെടുത്തുന്ന അവസ്ഥയിലേക്കെത്തിയത്. ആവശ്യമുള്ള സാധനം ലഭിക്കാൻ പല കൈമാറ്റങ്ങൾ ആവശ്യമായ സാഹചര്യം കടന്നു പോയിട്ടുണ്ട്. എല്ലാവരും ജീവിതത്തിൽ സാമ്പത്തിക രംഗത്തിന്റെ പ്രാധാന്യവും സാധ്യതകളും തിരിച്ചറിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. ദിലീപ് നാരായണൻ പ്രസംഗിച്ചു.

# ഹോളി ക്യാമ്പയിൻ അവതരിപ്പിച്ച് എ.ബി.സി

**കൊച്ചി:** ഹോളി ആഘോഷങ്ങളിൽ ആരോഗ്യകരമായ ഭക്ഷണരീതി വേണമെന്ന ആഹ്വാനവുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ഇത്തരം ആഘോഷങ്ങളിൽ ഭക്ഷണം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആഘോഷവേളകളിൽ വറുത്തതോ പഞ്ചസാര ചേർത്തതോ ആയ ഭക്ഷണങ്ങൾ അമിതമായി കഴിക്കുന്നത് ആരോഗ്യത്തെ ബാധിക്കും. ആഹ്ലാദത്തിനും പോഷകാഹാരത്തിനും ഇടയിലുള്ള തികഞ്ഞ സന്തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള ഒരു ലളിതമായ മാർഗം നട്സുകളുടെ രാജാവ് എന്നറിയപ്പെടുന്ന കാലിഫോർണിയ ബദാം ഹോളി ആഘോഷങ്ങളിൽ ഉൾപ്പെടുത്തുക എന്നതാണെന്നും ക്യാമ്പയിൻ പറയുന്നു. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പ്, നാരുകൾ എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങൾ ബദാമിലുണ്ട്. ബദാം ഉപഭോഗം അനാരോഗ്യകരമായ ലഘുഭക്ഷണങ്ങൾക്കായുള്ള ആസക്തി കുറയ്ക്കുകയും ചെയ്യും. ശുദ്ധീകരിച്ച പഞ്ചസാരയ്ക്ക് പകരം പ്രകൃതിദത്ത മധുരപലഹാരങ്ങൾ ഉപയോഗിക്കണമെന്നും, ബദാം പോലുള്ള പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തണമെന്നും ന്യൂട്രീഷ്യനിസ്റ്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.

# എസ്ബിഐ പ്ലാറ്റിനം ജൂബിലി: 70 ബ്രാഞ്ചുകൾക്കും 501 സേവന കേന്ദ്രങ്ങൾക്കും തുടക്കം കുറിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 70 പുതിയ ബ്രാഞ്ചുകൾക്കും 501 വനിതാ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾക്കും ധനമന്ത്രി നിർമ്മലാ സീതാരാമൻ തുടക്കം കുറിച്ചു. 51 കോടിയിലേറെ ഉപഭോക്താക്കളുടെ വിശ്വസനീയ പങ്കാളിയായി എസ്ബിഐ തുടരുകയാണെന്ന് കേന്ദ്ര മന്ത്രി ചൂണ്ടിക്കാട്ടി. ഇത് പല രാജ്യങ്ങളുടേയും ജനസംഖ്യയേക്കാൾ കൂടുതലാണ്. ഡിജിറ്റൽ സേവനങ്ങൾ മുന്നോട്ടു വെക്കുന്ന എസ്ബിഐ ഉപഭോക്തൃ അനുഭവങ്ങളുടെ കാര്യത്തിൽ പുതിയ രീതികൾ അവതരിപ്പിക്കുകയും പ്രവർത്തന മികവ് വർധിപ്പിക്കുകയുമാണ്. ബാങ്കിങ് കൂടുതൽ മികച്ചതാക്കുകയും കൂടുതൽ പേരിലേക്ക് ഔപചാരിക ബാങ്കിങ് സേവനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഡിഎഫ്എസ് സെക്രട്ടറി എം നാഗരാജു, എസ്ബിഐ ചെയർമാൻ സി എസ് ഷെട്ടി എന്നിവർ പങ്കെടുത്തു.നടപ്പു സാമ്പത്തിക വർഷത്തിൻറെ മൂന്നാം ത്രൈമാസത്തിൽ നൂറോളം ബ്രാഞ്ചുകൾ കൂട്ടിച്ചേർത്ത് ബാങ്കിന്റെ ആകെ ബ്രാഞ്ചുകൾ 22,800 ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമെ 78,023 ഉപഭോക്തൃ സേവന കേന്ദ്രങ്ങളും ബാങ്ക് അവതരിപ്പിച്ചിട്ടുണ്ട്.



# സമഗ്ര ഗ്രീൻഫീൽഡ് നിർമ്മാണ പ്ലാന്റുമായി ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്റ്റ്സ്

**കൊച്ചി:** വളർന്നു വരുന്ന മുൻനിര മാർക്കറ്റ് എഫ്എംസിജി കമ്പനിയായ ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് തമിഴ്നാട്ടിലെ ചെങ്കൽപ്പെട്ട് ജില്ലയിൽ ആരംഭിച്ച കമ്പനിയുടെ ആദ്യത്തെ സമഗ്ര ഗ്രീൻഫീൽഡ് പ്ലാൻറ് തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ, ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പ് ചെയർപേഴ്സൺ നാദിർ ഗോദ്റെജ്, ജിസിപിഎൽ എംഡിയും സിഇഒയുമായ സുധീർ സിതാപതി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.സിന്തോൾ ഒറിജിനൽ സോപ്പിൻറെ നിർമാണത്തിനും മുഖ്യമന്ത്രി ഔദ്യോഗികമായി തുടക്കമിട്ടു.2024ൽ ജിസിപിഎൽ തമിഴ്നാട്ടിൽ അത്യാധുനിക നിർമ്മാണ കേന്ദ്രത്തിനായി ഭൂമിപൂജ നടത്തുകയും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 515 കോടി രൂപ നിക്ഷേപിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സിൻറെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ ഏറ്റവും വലിയ ഒറ്റതവണത്തെ നിക്ഷേപമാണിത്. 27 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഈ പ്ലാൻറ് 13 മാസം എന്ന റെക്കോർഡ് സമയത്തിനുള്ളിലാണ് പ്രവർത്തനം ആരംഭിച്ചത്.നവീകരണം, സുസ്ഥിരത, ഉൾക്കൊള്ളൽ എന്നിവ ഒത്തുചേർന്ന് നിർമ്മാണ രംഗത്തിൻറെ ഭാവി രൂപപ്പെടുത്താനുള്ള ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സിൻറെ പ്രതിബദ്ധതയെയാണ് ചെങ്കൽപ്പെട്ട് പ്ലാന്റെന്ന് ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പ് ചെയർപേഴ്സൺ നാദിർ ഗോദ്റെജ് പറഞ്ഞു.



# കരുത്തും ആഡംബരവും ഒത്തു ചേരുന്ന ലെക്സസ് ഇന്ത്യ എൽഎക്സ് 500ഡി

**കൊച്ചി:** ലെക്സസ് ഇന്ത്യയുടെ ഏറ്റവും പുതിയ മോഡൽ എൽഎക്സ് 500ഡി ബുക്കിംഗ് ആരംഭിച്ചു. കരുത്തും ആഡംബരവും ആധുനികതയും ഒത്തുചേരുന്ന ഈ മോഡൽ ഓൺറോഡ് ഓഫ്റോഡ് യാത്രകൾക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്തതാണെന്ന് കമ്പനി അറിയിച്ചു. അർബൻ, ഓവർട്രെയിൽ (പുതിയ ഗ്രേഡ്) എന്നിങ്ങനെ രണ്ട് ഗ്രേഡുകളിൽ ലഭ്യമായ മോഡലിൽ ഡ്രൈവർമാർക്കുള്ള സുരക്ഷയുൾപ്പെടെ ലെക്സസ് കണക്റ്റ് ടെക്നോളജി നൂതന ടെലിമാറ്റിക്സ് അധിക സുരക്ഷാ ഫീച്ചറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എൽഎക്സ് 500 ഡി അർബന്റെ രാജ്യത്തെ എക്സ്ഷോറൂം വില 30,000,000 രൂപയാണ്. എൽഎക്സ് 500 ഡി ഓവർട്രെയിലിന് 31,200,000 രൂപ വില

ഇരട്ട ടർബോ സിസ്റ്റമുള്ള കരുത്തുറ്റ 3.3 ലിറ്റർ വി 6 ഡീസൽ എഞ്ചിൻ, പ്രത്യേകം രൂപകൽപ്പന ചെയ്ത ബ്ലാക്ക് റേഡിയേറ്റർ ഗ്രില്ലും മാറ്റ് ഗ്രേ അലുമിനിയം വീലുകളും, ഫോഗ് ലാമ്പ് കവർ, റൂഫ് റെയിലുകൾ, ഡോർ മോൾഡിംഗുകൾ, വീൽ ആർച്ച് മോൾഡിംഗുകൾ, ഡോർ ഹാൻഡിലുകൾ, ഔട്ട്ഡോർ മിററുകൾ തുടങ്ങിയ ഫീച്ചറുകൾ മോഡലിൽ ലഭ്യമാണ്. മെച്ചപ്പെട്ട സുഖസൗകര്യങ്ങൾക്കായി സീറ്റ് മസാജറിൽ പുതിയ ബ്ലാഡർ അടിസ്ഥാന റിഫ്രഷ് സീറ്റ്, പാതകൾ മാറ്റുമ്പോൾ സുരക്ഷ പരിശോധിക്കുന്നതിന് ബ്ലൈൻഡ് സ്പോട്ട് മോണിറ്ററിംഗ് (ബിഎസ്എം), ഓട്ടോമാറ്റിക് ഹൈ ബീം (എഎച്ച്ബി), അഡാപ്റ്റീവ് ഹൈ ബീം സിസ്റ്റം (എഎച്ച്എസ്) ലൈറ്റിംഗ് സൊല്യൂഷനുകൾ എന്നിവയും മോഡലുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

എൽഎക്സ് 500 ഡി മൾട്ടിപാത്ത് വേ സമീപനത്തിനും മൊബിലിറ്റിയുടെ ഭാവി പുനർനിർമ്മിക്കുന്നതിനുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണെന്ന് ലെക്സസ് ഇന്ത്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഭട്ടാചാര്യ പറഞ്ഞു.. മെച്ചപ്പെട്ട സുരക്ഷയ്ക്കായി ലെക്സസ് സേഫ്റ്റി സിസ്റ്റം +3.0, മെച്ചപ്പെട്ട കണക്റ്റിവിറ്റിക്കായി പുതിയ ടെലിമാറ്റിക്സ് ഫീച്ചറുകളുള്ള ലെക്സസ് കണക്റ്റഡ് ടെക്നോളജി തുടങ്ങി നിരവധി പുതിയ ഫീച്ചറുകൾ അടങ്ങിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ആദിര ആൻഡ് അപ്പ കോഫി ഫ്ളാഗ് ഷിപ്പ് സ്റ്റോർ കൊച്ചിയിൽ

**കൊച്ചി:** ദക്ഷിണേന്ത്യൻ കാപ്പികളിലൂടെ പ്രശസ്തമായ ബ്രാൻഡ് ആദിര ആന്റ് അപ്പ കോഫി കൊച്ചിയിൽ ഫ് ളാഗ്ഷിപ്പ് സ്റ്റോർ ആരംഭിച്ചു. പനമ്പള്ളി നഗറിലെ എംഐജി ഹൗസിംഗ് സൊസൈറ്റിയിലെ ക്രോസ് റോഡിൽ സ്ഥിതിചെയ്യുന്ന സ്റ്റോറിൽ പരമ്പരാഗത കാപ്പി രുചികൾ അനുഭവിക്കാനുള്ള അവസരമുണ്ടെന്ന് കമ്പനി അറിയിച്ചു. ഹൈബി ഈഡൻ എംപി ഉദ്ഘാടനം നിർവഹിച്ചു. സിഗ്നേച്ചർ മിശ്രിതങ്ങൾ, പരമ്പരാഗത ഫിൽട്ടർ കോഫി, ഇന്നൊവേറ്റീവ് ബ്രൂസ്, സുഗന്ധമുള്ള കാപ്പികൾ തുടങ്ങി വിവിധ തനത് ദക്ഷിണേന്ത്യൻ കാപ്പികൾ ആദിര ആന്റ് അപ്പ കോഫിയിൽ ലഭിക്കും. ഇതോടൊപ്പം കമ്പനി രാജ്യത്താകെ 100 ഔട്ട്ലെറ്റുകൾ തുറക്കാനൊരുങ്ങുകയാണ്.

ആദിര ആന്റ് അപ്പ ഫ് ളാഗ്ഷിപ്പ്സ്റ്റോർ വെറുമൊരു കോഫി ഷോപ്പിനപ്പുറം രാജ്യത്തിന്റെ പൈതൃകം സംരക്ഷിക്കാനുള്ള ശ്രമം കൂടി നടത്തുന്ന ഇടമാണെന്ന് ആദിര ആന്റ് അപ്പ കോഫി സിഇഒ ഹരിഹരൻ പറഞ്ഞു. ഉപഭോക്താക്കൾക്ക് സവിശേഷമായ രുചികൾ ആസ്വദിക്കാനും ദക്ഷിണേന്ത്യൻ കാപ്പി സംസ്കാരത്തെ നിർവചിക്കുന്ന ഊഷ്മളതയും ആതിഥ്യമര്യാദയും അനുഭവിക്കാനും കഴിയുന്ന ഒരു ഇടം വാഗ്ദാനം ചെയ്യുന്നതിൽ ഏറെ ആഹ്ലാദമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## വിമൻ ലൈക്ക് യു കോഫി ടേബിൾ ബുക്ക് പുറത്തിറക്കി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** അന്താരാഷ്ട്ര വനിതാദിനാഘോഷത്തോട് അനുബന്ധിച്ച് വിവിധ മേഖലകളിൽ മികവ് പുലർത്തിയ 52 സ്ത്രീകൾ നടത്തിയ യാത്രയെ വിവരിക്കുന്ന പ്രത്യേക കോഫി ടേബിൾ ബുക്കായ 'വിമൻ ലൈക്ക് യു' പുറത്തിറക്കി സൗത്ത് ഇന്ത്യൻ ബാങ്ക്. സൗത്ത് ഇന്ത്യൻ ബാങ്ക് ഡയറക്ടർ ലക്ഷ്മി രാമകൃഷ്ണ ശ്രീനിവാസ് ബംഗളൂരുവിൽ നടന്ന ചടങ്ങിൽ പുസ്തകം പ്രകാശനം ചെയ്തു.വെല്ലുവിളികളെ അതിജീവിച്ച് ജീവിത വിജയം നേടിയ സാധാരണ സ്ത്രീകളുടെ പ്രചോദനാത്മകമായ കഥകളാണ് ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.തടസങ്ങൾ മറികടന്ന് വിജയത്തിലേക്കുള്ള വഴികൾ തുറന്ന് ജീവിത വിജയം കൊയ്ത വനിതകളെ ഈ പുസ്തകത്തിലൂടെ ആദരിക്കുന്നു.ബംഗ്ലൂരിലെ റാഡിസണിൽ നടന്ന ചടങ്ങിൽ അന്തർദേശീയ പാരാ അത്‌ലറ്റും പത്മശ്രീ, അർജുന അവാർഡ് ജേതാവുമായ ഡോ. മാലതി ഹൊള്ളയും പങ്കെടുത്തു.

## ഇന്ത്യൻ മത്സ്യയിനങ്ങൾക്ക് ആഗോള സർട്ടിഫിക്കേഷൻ: നടപടികൾ ഉടൻ തുടങ്ങിയേക്കും



**കൊച്ചി:** ഇന്ത്യയിൽ നിന്നുള്ള മത്സ്യയിനങ്ങൾക്ക് ആഗോള സുസ്ഥിരത സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന നടപടികളിലേക്ക് ഈ വർഷം അവസാനത്തോടെ കടക്കാനാകുമെന്ന് പ്രതീക്ഷ. സർട്ടിഫിക്കേഷൻ നടപടികളുടെ രീതികൾ പരിചയപ്പെടുത്തുന്നതിനായി കൊച്ചിയിൽ നടന്ന പരിശീലന ശിൽപശാലയിലാണ് രാജ്യത്തെ സീഫുഡ് കയറ്റുമതിക്ക് ഏറെ മുതൽക്കൂട്ടാകുന്ന വിലയിരുത്തൽ.സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ 12 ഇനങ്ങളിൽ മിക്കവയുടെയും ശാസ്ത്രീയ അവലോകനം അവസാന ഘട്ടത്തിലാണ്. ഇത് പൂർത്തീകരിക്കുന്നതോടെ മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിലിന്റെ സർട്ടിഫിക്കേഷൻ നിലവാരത്തിന് അനുസൃതമായി ഇവയെ ഓഡിറ്റിംഗിന് വിധേയമാക്കും. മത്സ്യസമ്പത്തിന്റെ സുസ്ഥിരത, കുറഞ്ഞ പാരിസ്ഥിതിക ആഘാതം, ഫലപ്രദമായ മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ആവശ്യമാണ്.ആഗോള വിപണികളിൽ ആവശ്യക്കാരേറുന്നുആഗോള വിപണികളിൽ സുസ്ഥിരത സർട്ടിഫിക്കേഷനുള്ള സമുദ്രോൽപ്പന്നങ്ങൾക്ക് ആവശ്യകത ഗണ്യമായി വർധിച്ചുവരുന്നതായി ശിൽപശാലയിൽ അഭിപ്രായമുയർന്നു. ലോകമെമ്പാടുമുള്ള മൊത്തം സമുദ്ര മത്സ്യബന്ധനത്തിന്റെ 15%ത്തിലധികവും സുസ്ഥിരത സർട്ടിഫിക്കേഷൻ ലഭിച്ചവയാണ്. ഇവയുടെ ആവശ്യകത ഓരോ വർഷവും വർധിച്ചുവരികയാണ്. നിലവിൽ 63 രാജ്യങ്ങൾ എം.എസ്.സി. സർട്ടിഫിക്കേഷൻ സ്വന്തമാക്കിയിട്ടുണ്ടെന്ന് എം.എസ്.സി.യുടെ ഫിഷറീസ് സ്റ്റാൻഡേർഡ് ആക്സസിബിലിറ്റി മേധാവി അമാൻഡ ലെജ്ബോവിച്ച് പറഞ്ഞു.കയറ്റുമതി വളർച്ച, ഉയർന്ന വിപണി എന്നിവയെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് സുസ്ഥിരത സർട്ടിഫിക്കേഷൻ. യൂറോപ്പ്, അമേരിക്ക, ജപ്പാൻ തുടങ്ങി അന്താരാഷ്ട്ര വിപണികളിൽ സുസ്ഥിരത മുദ്രയുള്ള സമുദ്രോൽപന്നങ്ങൾക്ക് ആവശ്യക്കാരേറെയാണെന്നും അവർ പറഞ്ഞു.സുസ്ഥിരത നിർണയിക്കുന്നതിനുള്ള ഓഡിറ്റിംഗ് രീതികൾ സർവകലാശാലകളിലെ ഫിഷറീസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ശിൽപശാലയിൽ ആവശ്യമുയർന്നു.സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി മുൻ ചെയർമാനും സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറിയുമായ ഡോ കെ എൻ രാഘവൻ ഉദ്ഘാടനം ചെയ്തു. ഡോ സുനിൽ മുഹമ്മദ്, ജി പവൻ കുമാർ, അലക്സസ് നൈനാൻ എന്നിവർ സംസാരിച്ചു.സസ്റ്റയിനബിൾ സീഫുഡ് നെറ്റ് വർക് ഓഫ് ഇന്ത്യ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ശിൽപശാല സംഘടിപ്പിച്ചത്. സിഫ്റ്റ്, കുഫോസ്, കുസാറ്റ്, ഫിഷറി സർവേ ഓഫ് ഇന്ത്യ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്നിവയിലെ വിദഗ്ധർ, സർക്കാർ പ്രതിനിധികൾ, പരിസ്ഥിതി വിദഗ്ധർ, സുസ്ഥിരത നിർണയ ഓഡിറ്റർമാർ, കയറ്റുമതിവ്യവസായ പ്രതിനിധികൾ, ഗവേഷണ വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ബുധനാഴ്ച തിരുവനന്തപുരത്ത് നടക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com